പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2905

15/12/2015-ൽ
മറുപടിയ്ക്ക്

## ഫ്ലെയർ പദ്ധതി

**ചോദ്യം**

ശ്രീ.ഡൊമിനിക് പ്രസന്റേഷൻ
ശ്രീ.ഷാഫി പറമ്പിൽ
ശ്രീ.വർക്കല കഹാർ

**മറുപടി**

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഫ്ലെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള കോളേജുകളിലും സർവകലാശാലകളിലും പുതുതായി പ്രവേശിച്ച അദ്ധ്യാപകർക്ക് മികച്ച രീതിയിലുള്ള അദ്ധ്യാപക പരിശീലനവും അദ്ധ്യാപനത്തിലും റിസർച്ചിലും മികച്ച ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിൽ പരിശീലനവും പദ്ധതി പ്രകാരം നൽകുന്നു. ആരംഭ വർഷത്തിൽ (2013-14) ഇതിന്റെ പ്രയോജനം സർക്കാർ കോളേജുകൾക്കും അഞ്ച് സർവകലാശാലകൾക്കുമായി പരിമിതപ്പെടുത്തിയിരുന്നു. എന്നാൽ 2014-15 വർഷത്തിൽ കേരളത്തിലെ എല്ലാ എയ്ഡഡ് കോളേജുകളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. അഞ്ച് വർഷത്തിൽ താഴെ സർവ്വീസിലുള്ള ഇനിയും 20 വർഷം സർവ്വീസിലുള്ളവരുമായ യുവ അദ്ധ്യാപകരെയാണ് ഫ്ലെയർ പരിശീലനങ്ങൾക്ക് തെരഞ്ഞെടുത്തിട്ടുള്ളത്. അദ്ധ്യാപക ഗവേഷണ മേഖലകളിലെ പുത്തൻ പ്രവണതകൾ പരിചയപ്പെടുത്താനായിട്ടുള്ള പരിശീലനങ്ങളാണ് മുഖ്യമായും നൽകുന്നത്. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഉന്നത നിലവാരത്തിലുള്ളതും നൂതനവുമായ ആശയങ്ങൾക്കും പ്രസിദ്ധീകരണങ്ങൾക്കും പ്രോത്സാഹനം നൽകുവാനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫ്ലെയർ ഇന്റേൺഷിപ്പ് പ്രകാരം യുവ അദ്ധ്യാപകർക്ക് ദേശീയ അന്തർദേശീയ സ്ഥാപനങ്ങളിലെ അദ്ധ്യപകരോടൊപ്പം പ്രവർത്തിച്ച് അവരുടെ അനുഭവം പങ്കിടാനുള്ള അവസരം ലഭിക്കുന്നു. പ്രമുഖ അദ്ധ്യാപകരുടെ ക്ലാസുകൾ വീക്ഷിക്കാനുള്ള അവസരം അവരുടെ ലാബോറട്ടറികളിൽ പ്രവർത്തിക്കാനുള്ള അവസരം എന്നിവയും ലഭിക്കുന്നു. കോളേജുകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനം നൽകാനായി ' ഫ്ലെയർ ഫോർ റിസർച്ച് ' എന്ന പദ്ധതിയും ഈ സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. |

| | | | |
|---|---|---|---|
| (സി) | പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? | (സി) | ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള ഫ്ലെയർ പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. ഫ്ലെയർ പദ്ധതിയുടെ നടത്തിപ്പിനായി ഒരു പ്രോഗ്രാം ഡയറക്ടറും വർക്ക് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ പ്രവർത്തിക്കുന്നു. അക്കാഡമിക് പരിശീലനം രൂപപ്പെടുത്താനും അത് നൽകുവാനുമായി ബാംഗ്ലൂരിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ ഡോ. എൻ.ജെ. റാവുവിന്റെ നേതൃത്വത്തിൽ ഒൻപതു പേരടങ്ങുന്ന ഒരു പരിശീലക ടീം പ്രവർത്തിക്കുന്നു. പദ്ധതിയിനത്തിൽ ഉൾപ്പെടുത്തി ഈ പരിപാടിക്കായി നടപ്പ് സാമ്പത്തിക വർഷം 2.12 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ